# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 മാർച്ച് 10, തിങ്കൾ

**നമ്പർ 171**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അടക്കം സംസ്ഥാനത്തെ വിവിധ ക്ഷേമനിധികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കുടിശികയാണെന്ന് പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. എം. വിൻസെന്റും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധക്ഷണിക്കൽ :

(1) സംസ്ഥാനത്ത് മലയോര പ്രദേശങ്ങളിലെ പട്ടയ ഭൂമിയിലുള്ള മരങ്ങൾ ദൈനംദിനാവശ്യങ്ങൾക്കായിപ്പോലും മുറിക്കുവാൻ കഴിയാത്തത് കാരണമുള്ള ബുദ്ധിമുട്ടിലേക്ക് ശ്രീ. പ്രമോദ് നാരായൺ വനം-വന്യജീവി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. വനം-വന്യജീവി വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി കണക്കിലെടുത്ത് 2022 വരെ കർഷകരുടെ കുടിശ്ശികയായ വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്നതിനായി

കർഷക കടാശ്വാസ കമ്മീഷൻ അപേക്ഷ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സജീവ് ജോസഫ് കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. കൃഷി വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എ. രാജ | ഇടുക്കി-ദേവികുളം-കല്ലാർകുട്ടി ഡാമിന്റെ മേഖലയിലുള്ള കുടുംബങ്ങൾക്ക് പട്ടയം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. കെ. രാമചന്ദ്രൻ | ചാലക്കുടി ഫോറസ്റ്റ് ഡിവിഷനു കീഴിലെ പ്രദേശങ്ങളിലെ വന്യമൃഗ ആക്രമണം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. കെ. പ്രശാന്ത് | കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഖര മാലിന്യ പരിപാലന ചട്ടം | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. നജീബ് കാന്തപുരം | കുടുംബശ്രീ സി.ഡി.എസ്. അംഗങ്ങൾക്കുള്ള യാത്രാ ബത്ത | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂരിലെ ആർ.ടി. ഓഫീസ് കെട്ടിട നിർമ്മാണം | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീമതി കെ. കെ. രമ | വടകര ജില്ലാ ആശുപത്രി ആസ്ഥാനമാക്കി മിഠായി പദ്ധതി ക്ലിനിക്കിന്റെ ഉപകേന്ദ്രം | ബഹു. ഉന്നതവിദ്യാഭ്യാസം-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. പി. മമ്മിക്കുട്ടി | ഭാരതപ്പുഴയ്ക്ക് കുറുകെ തകർന്ന് കിടക്കുന്ന പാലത്തിന്റെ അവശിഷ്ടങ്ങൾ മാറ്റുന്നതിന് നടപടി | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. എച്ച്. സലാം | അമ്പലപ്പുഴ NH 66-ൽ അടിപ്പാത നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഫോറൻസിക് സർജൻമാരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. അൻവർ സാദത്ത് | എറണാകുളം ജില്ലയിൽ പുതിയ ഒരു ഉപഭോക്തൃ കമ്മീഷൻകൂടി രൂപീകരിക്കുന്നതിന് നടപടി | ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം :

2025-2026 സാമ്പത്തികവർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും :

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ധനകാര്യ വകുപ്പുമന്ത്രിയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയും അവതരിപ്പിച്ചു. ഉപക്ഷേപങ്ങൾ പിന്താങ്ങപ്പെട്ടു. പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്ത് വച്ചു.

V-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 3, 5, 8, 10, 11, 12, 13, 14, 16, 17, 18, 22, 23, 25, 32, 34, 35, 36, 37, 38, 39, 40, 42, 43, 44, 46, 47, 49, 50 എന്നീ ഖണ്ഡനോപക്ഷേപങ്ങളും VI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 5, 7, 8, 9, 10, 12, 13, 14, 16, 17, 18, 20, 22, 25, 29, 30, 31, 33, 34, 35, 36, 38, 39, 40, 42, 43, 46 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 5, 6, 8, 9, 11, 12, 13, 15, 17, 19, 21, 25, 26, 28, 29, 30, 32, 33, 35, 36, 37, 40, 41, 42, 44, 45, 47 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XV-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 5, 6, 7, 8, 9, 11, 12, 13, 14, 16, 19, 20, 23, 27, 28, 30, 31, 32, 33, 34, 35, 37, 40, 41, 42, 43, 44, 45, 46, 47, 50 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 5, 6, 7, 8, 9, 10, 11, 12, 13, 14, 16, 18, 19, 21, 22, 25, 26, 27, 28, 29, 30, 31, 32, 35, 36, 37, 38, 42, 43, 44, 45 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXVIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 5, 6, 7, 8, 9, 11, 12, 13, 14, 15, 17, 18, 19, 20, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 39, 44, 45, 48 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XLII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 3, 5, 6, 7, 8, 9, 10, 12, 13, 14, 16, 17, 18, 20, 24, 25, 26, 27, 28, 29, 30, 32, 33, 34, 35, 36, 37, 38, 42, 43, 44, 47, 48 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു. ചുവടെ ചേർക്കുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. കെ. വി. സുമേഷ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. നന്ദകുമാർ

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീമതി ദെലീമ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. പി. സുമോദ്

ശ്രീ. ഡി. കെ. മുരളി

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. റോജി എം. ജോൺ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. കെ. രാജനും തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. മുഹമ്മദ് റിയാസും മറുപടി നൽകി.

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

തുടർന്ന് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളുകയും, ധനാഭ്യർത്ഥനകൾ V, VI, XI, XV, XXI, XXVIII, XLII എന്നിവയ്ക്ക് തുക അനുവദിക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2025 മാർച്ച് 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.19-ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, March 10, 2025*

**No. 171**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50):*

Shri M. Vincent and five other Members had given a notice for moving an adjournment motion regarding the situation that the pensions and other benefits of labourers affiliated to various welfare funds including the Construction Workers Welfare Fund in the State are reportedly in arrears. On ground of reply of the Minister for Finance, Speaker denied leave to present the motion.

(As a mark of protest against the attitude of the Government in the matter, the Members belonging to opposition staged walkout. )

*Calling Attention :*

1. Shri Pramod Narayan called the attention of the Minister for Forest and Wildlife to the crisis wherein trees on *Patta* land in hilly areas of the State cannot be felled even for daily living necessities. The Minister for Forest and Wildlife made a statement in this regard.

2. Shri Sajeev Joseph called the attention of the Minister for Agriculture to the necessity to grant debt relief by accepting applications for debt relief of farmers' outstanding loans up to 2022 by Farmers' Debt

Relief Commission in view of the crisis in the Agriculture sector. The Minister for Agriculture made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. എ. രാജ | ഇടുക്കി-ദേവികുളം-കല്ലാർകുട്ടി ഡാമിന്റെ മേഖലയിലുള്ള കുടുംബങ്ങൾക്ക് പട്ടയം | ബഹു. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2 | ശ്രീ. കെ. കെ. രാമചന്ദ്രൻ | ചാലക്കുടി ഫോറസ്റ്റ് ഡിവിഷനു കീഴിലെ പ്രദേശങ്ങളിലെ വന്യമൃഗ ആക്രമണം | ബഹു. വനം-വന്യജീവി വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. കെ. പ്രശാന്ത് | കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഖര മാലിന്യ പരിപാലന ചട്ടം | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. നജീബ് കാന്തപുരം | കുടുംബശ്രീ സി.ഡി.എസ്. അംഗങ്ങൾക്കുള്ള യാത്രാ ബത്ത | ബഹു. തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പെരുമ്പാവൂരിലെ ആർ.ടി. ഓഫീസ് കെട്ടിട നിർമ്മാണം | ബഹു. ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീമതി കെ. കെ. രമ | വടകര ജില്ലാ ആശുപത്രി ആസ്ഥാനമാക്കി മിഠായി പദ്ധതി ക്ലീനിക്കിന്റെ ഉപകേന്ദ്രം | ബഹു. ഉന്നതവിദ്യാഭ്യാസം-സാമൂഹ്യനീതി വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. പി. മമ്മിക്കുട്ടി | ഭാരതപ്പുഴയ്ക്ക് കുറുകെ തകർന്ന് കിടക്കുന്ന പാലത്തിന്റെ അവശിഷ്ടങ്ങൾ മാറ്റുന്നതിന് നടപടി | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. എച്ച്. സലാം | അമ്പലപ്പുഴ NH 66-ൽ അടിപ്പാത നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഫോറൻസിക് സർജൻമാരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. അൻവർ സാദത്ത് | എറണാകുളം ജില്ലയിൽ പുതിയ ഒരു ഉപഭോക്തൃ കമ്മീഷൻകൂടി രൂപീകരിക്കുന്നതിന് നടപടി | ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |

The ministers concerned made the statement regarding the respective issue.

*Financial Business :*

## Discussion and Voting on Demands for Grants in the Budget for the Financial Year 2025-2026 :

Shri K. N. Balagopal, Minister for Finance moved Demand No. V- Goods and Services Tax, Agricultural Income Tax and Sales Tax and Demand No.XXVIII- Miscellaneous Economic Services , Shri K. Rajan, Minister for Revenue and Housing moved Demand No.VI- Land Revenue, Demand No. XI- District Administration and Miscellaneous and Demand No. XXI- Housing, and Shri. Mohamed Riyas, Minister for Public Works and Tourism moved Demand No. XV- Public Works and Demand No. XLII- Tourism for the amounts shown respectively against them under Column No. 5 in the list of Demands for Grants for the Financial Year 2025-2026. The motions were seconded. Shri K. N. Balagopal, Minister for Finance laid on the table statements under Rule 236(3) relating to these Demands.

The cut motion Nos. 3, 5, 8, 10, 11, 12, 13, 14, 16, 17, 18, 22, 23, 25, 32, 34, 35, 36, 37, 38, 39, 40, 42, 43, 44, 46, 47, 49, 50 in the list of cut motions for Demand No. V, cut motion Nos. 1, 3, 5, 7, 8, 9, 10, 12, 13, 14, 16, 17, 18, 20, 22, 25, 29, 30, 31, 33, 34, 35, 36, 38, 39, 40, 42, 43, 46 in the list of cut motions for Demand No. VI, cut motion Nos. 1, 5, 6, 8, 9, 11, 12, 13, 15, 17, 19, 21, 25, 26, 28, 29, 30, 32, 33, 35, 36, 37, 40, 41, 42, 44, 45, 47 in the list of cut motions for Demand No. XI, cut motion Nos. 1, 3, 5, 6, 7, 8, 9, 11, 12, 13, 14, 16, 19, 20, 23, 27, 28, 30, 31, 32, 33, 34, 35, 37, 40, 41, 42, 43, 44, 45, 46, 47, 50 in the list of cut motions for Demand No. XV, cut motion Nos. 1, 3, 5, 6, 7, 8, 9, 10, 11, 12, 13, 14, 16, 18, 19, 21, 22, 25, 26, 27, 28, 29, 30, 31, 32, 35, 36, 37, 38, 42, 43, 44, 45 in the list of cut motions for Demand No. XXI, cut motion Nos. 1, 2, 4, 5, 6, 7, 8, 9, 11, 12, 13, 14, 15, 17, 18, 19, 20, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 39, 44, 45, 48 in the list of cut motions for Demand No. XXVIII, cut motion Nos. 1, 3, 5, 6, 7, 8, 9, 10, 12, 13, 14, 16, 17, 18, 20, 24, 25, 26, 27, 28, 29, 30, 32, 33, 34, 35, 36, 37, 38, 42, 43, 44, 47, 48 in the list of cut motions for Demand No. XLII were moved.

The following Members took part in the discussion.

Shri K. V. Sumesh

Shri Sajeev Joseph

Shri E. T. Taison Master

Shri U. A. Lathif

Shri Job Maichil

Shri Mani C. Kappan

Shri K. D. Prasenan

Shri Thottathil Raveendran

Shri Anoop Jacob

Shri I. B. Satheesh

Shri P. Nandakumar

Shri Rahul Mamkootathil

Shri K. Premkumar

Shri P. V. Sreenijin

Shri A. P. Anil Kumar

Smt. Deleema

Shri T. V. Ibrahim

Shri P. P. Sumod

Shri D. K. Murali

Shri Thomas K. Thomas

Shri Najeeb Kanthapuram

Shri G. S. Jayalal

Shri M. Rajagopalan

Shri Roji M. John.

Shri K. N. Balagopal, Minister for Finance, Shri K. Rajan, Minister for Revenue and Housing, Shri V. N. Vasavan, Minister for Ports, Co-operation and Devaswoms and Shri Mohamed Riyas, Minister for Public Works and Tourism replied to the points raised during the discussion. The cut motions were declared lost.

Then, the Motions were passed and Grants on Demands No. V, VI, XI, XV, XXI, XXVIII, XLII were alloted.

The House adjourned at 05.19 p.m. to meet again at 9.00 a.m on Tuesday, March 11, 2025.

DR. N. KRISHNA KUMAR,

*Secretary.*